18 (*46) സഹകരണ മേഖലയുടെ നവീകരണം

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയുടെ നവീകരണത്തിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കാൻ സമിതികളെ നിയോഗിച്ചുവോ; എങ്കിൽ ഏതെല്ലാം സമിതികളെയാണ് നിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം സമിതികളാണ് ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നവീകരണ കമ്മിറ്റികളുടെ ശുപാർശകളടങ്ങിയ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) കമ്മിറ്റികളുടെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ അംഗീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഏതെല്ലാം ശുപാർശകൾ സർക്കാർ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ;

(ജി) ശുപാർശകൾ എന്നത്തേക്ക് പൂർണ്ണമായി നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)മുതൽ(ജി)വരെ സഹകരണ മേഖലയുടെ നവീകരണം ഉദ്ദേശിച്ചുകൊണ്ട് നിലവിലുള്ള നിയമത്തിന് സമഗ്രമായ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് നിയമസഭയിൽ ബില്ല് അവതരിപ്പിച്ചിട്ടുണ്ട്. ഈ ബില്ല് ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി അതിൻമേൽ തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇതിനുപുറമേ സർക്കാർ നിയോഗിച്ച ജില്ലാ സഹകരണ ബാങ്കുകളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. ഇ.വി. കുമാരൻ കമ്മിറ്റിയുടെയും പ്രാഥമിക ക്രെഡിറ്റ് സംഘങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. ആർ. പരമേശ്വരപിള്ള കമ്മിറ്റിയുടെയും സഹകരണ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. രഞ്ജിത്ത് കമ്മിറ്റിയുടെയും ആശുപത്രിസംഘങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. നാരായണൻ കമ്മിറ്റിയുടെയും ശുപാർശകൾ ഓരോന്നും പ്രത്യേകം പ്രത്യേകം പരിശോധിച്ചുകൊണ്ട് അതത് രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക നടപടികൾ സ്വീകരിച്ചുവരികയാണ്.

19 (*47) ഉപഗ്രഹ നഗരങ്ങൾ

ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എ. തോമസ് :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻനഗരങ്ങൾക്കു സമീപം ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഉപഗ്രഹനഗരങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വൻ നഗരങ്ങൾക്ക് സമീപം ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കുവാൻ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇതിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ ഉപഗ്രഹനഗര പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ഉൾപ്പെടുന്ന ആക്കുളത്തും, എറണാകുളം ജില്ലയിൽ കൊച്ചി നഗരത്തിൽ നിന്നും ഏകദേശം 13 കിലോ മീറ്റർ ദൂരത്തിൽ തൃപ്പൂണിത്തുറയ്ക്കടുത്തായിട്ടുള്ള കണയന്നൂർ താലൂക്കിലെ തെക്കുംഭാഗം, മണക്കുന്നം എന്നീ വില്ലേജുകളിലും ആണ് ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. കോഴിക്കോട് നഗരത്തിന് സമീപത്തായിട്ട് ഉപഗ്രഹ നഗര പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(ഡി) നഗരങ്ങളിലെ വർദ്ധിച്ചുവരുന്ന ജനബാഹുല്യം ആണ്. ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം.

(ഇ) നഗരങ്ങളിലെ ജനബാഹുല്യം കണക്കിലെടുത്ത്, ജനങ്ങൾക്ക് ന്യായമായ ആവശ്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുക, നഗരങ്ങളിലെ തിരക്ക് കുറയ്ക്കുക മുതലായവയാണ് ഉപഗ്രഹ നഗരങ്ങൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(എഫ്) ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly